Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2328158
MOBILE : 8281000127

www.sec.kerala.gov.in

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

19th **July 2025**

## തദ്ദേശതിരഞ്ഞെടുപ്പ് : കരട് വോട്ടർപട്ടിക ജൂലൈ 23 ന് പ്രസിദ്ധീകരിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശസ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള കരട് ജൂലൈ 23 നും അന്തിമപട്ടിക ആഗസ്റ്റ് 30 നും പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ പറഞ്ഞു. 2025 ലെ പൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ വിശദീകരിക്കുന്നതിനായി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ഇന്ന് ( ജൂലൈ 19 ) നടത്തിയ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കമ്മീഷണർ.

ത്രിതലപഞ്ചായത്തുകളിലും നഗരസഭകളിലും വോട്ടെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ (ഇ.വി.എം) ഫസ്റ്റ് ലെവൽ ചെക്കിങ് ( FLC) ജൂലൈ 25 മുതൽ ആഗസ്റ്റ് 25 നകം പൂർത്തിയാക്കുമെന്നും കമ്മീഷൻ അറിയിച്ചു.

കുറ്റമറ്റ രീതിയിൽ വോട്ടർപട്ടിക തയ്യാറാക്കുന്നതിനും ഇ.വി.എമ്മുകളുടെ ക്ഷമതാപരിശോധന പൂർത്തിയാക്കുന്നതിനും എല്ലാ രാഷ്ട്രീയപാർട്ടികളുടെയും സഹകരണം കമ്മീഷണർ അഭ്യർത്ഥിച്ചു.

കരട് പട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും ജൂലൈ 23 മുതൽ ആഗസ്റ്റ് 7 വരെ ഓൺലൈനായി നൽകാം. യോഗ്യതാ തീയതിയായ 2025 ജനുവരി ഒന്നിനോ അതിന് മുൻപോ18 വയസ്സ് പൂർത്തിയായവർക്കാണ് പട്ടികയിൽ പേരു ചേർക്കാൻ അർഹതയുള്ളത്.

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള തദ്ദേശസ്ഥാപനങ്ങളിലേയ്ക്കാണ് ഈ വർഷം പൊതുതിരഞ്ഞെടുപ്പ്

നടത്തുന്നത്. 941 ഗ്രാമപഞ്ചായത്തുകളിലും 86 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും 152 ബ്ളോക്ക്പഞ്ചായത്തുകളിലും 14 ജില്ലാപഞ്ചായത്തുകളിലുമാണ് പൊതുതിരഞ്ഞെടുപ്പ്. മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ കാലാവധി 2027 സെപ്തംബർ 10ന് മാത്രമേ അവസാനിക്കുകയുള്ളൂ.

യോഗത്തിൽ രാഷ്ട്രീയപാർട്ടികളെ പ്രതിനിധീകരിച്ച് എം.വിജയകുമാർ (കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)), എം.ലിജു (ഇന്ത്യൻ നാഷണൽ കോൺഗ്രസ് ), അഡ്വ.ജെ.ആർ.പത്മകുമാർ (ഭാരതീയ ജനതാപാർട്ടി) പി.കെ.ഷറഫുദ്ദീൻ (ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് ), ഡോ.ബെന്നി കക്കാട് (കേരളകോൺകോൺഗ്രസ്(എം), പൂജപ്പുര രാധാകൃഷ്ണൻ, (കേരളകോൺകോൺഗ്രസ്(ബി)), ജോസഫ്ജോൺ (വെൽഫെയർ പാർട്ടി ഓഫ് ഇന്ത്യ), റോയിഅറയ്ക്കൽ (സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യ), ജോയ്എബ്രഹാം (കേരളകോൺകോൺഗ്രസ് ), കെ.കെ.നായർ (ബി.ജെ.കെ.പി), , അഡ്വ. കൊല്ലങ്കോട് രവീന്ദ്രൻനായർ (ജനതാദൾ (എസ് )), അഡ്വ. റ്റി.മനോജ്കുമാർ (ആൾ ഇൻഡ്യ ഫോർവേർഡ് ബ്ളോക്ക് ),കല്ലട നാരായണപിള്ള (ജനാധിപത്യകേരള കോൺഗ്രസ് ), കെ.ജയകുമാർ (റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി), ജോയ് ആർ. തോമസ് (ബഹുജൻ സമാജ് പാർട്ടി), തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ്, കമ്മീഷനിലെ മറ്റുദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

(എസ് ഇ സി 11 / 2025)

**രാഷ്ട്രീയപാർട്ടി പ്രതിനിധികൾക്ക് നൽകിയ കുറിപ്പ് ഇതോടൊപ്പം ചേർക്കുന്നു.**

# രാഷ്ട്രീയ പാർട്ടികളുടെ യോഗം (19.07.2025) – കുറിപ്പുകൾ

1. **സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

- ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികൾ പ്രകാരം നിലവിൽ വന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമപ്രകാരവുമാണ് സംസ്ഥാനത്തെ ഇപ്പോഴുള്ള ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരണം നടന്നത്. ഈ അഞ്ച് തലങ്ങളിലേക്കും 1995 ലാണ് ആദ്യമായി ഓരേ സമയം തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതികൾ രൂപീകരിച്ചത്. അതിനുശേഷം ഓരോ അഞ്ചു വർഷം കൂടുംമ്പോഴും തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് കൃത്യമായി നടത്തി വരുന്നു.
- ഭരണഘടനയുടെ അനുഛേദം 243 K, 243 ZA പ്രകാരം തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള എല്ലാ തിരഞ്ഞെടുപ്പുകൾക്കും ആവശ്യമായ വോട്ടർപട്ടിക തയ്യാറാക്കലും അവയിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തിപ്പ്, മേൽനോട്ടം, മാർഗ്ഗനിർദ്ദേശങ്ങൾ, നിയന്ത്രണം എന്നിവ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലയാണ്.
- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 1993 ഡിസംബർ 3 നാണ് സ്ഥാപിതമായത്.
- തദ്ദേശ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ തിരഞ്ഞെടുപ്പിന് പുറമെ അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പുകളും കമ്മീഷന്റെ മേൽനോട്ടത്തിൽ നടത്തുന്നു.
- പൊതുതിരഞ്ഞെടുപ്പിന് ശേഷം ജില്ലാ ആസൂത്രണ കമ്മിറ്റി, മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റി തിരഞ്ഞെടുപ്പുകളും കമ്മീഷൻ നടത്തുന്നു.
- നിശ്ചിത സമയത്തിനകം ചെലവ് കണക്ക് സമർപ്പിക്കാത്ത സ്ഥാനാർത്ഥികളുടെ അയോഗ്യത, കൂറുമാറ്റ നിയമപ്രകാരമുള്ള അയോഗ്യത, പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്ന പ്രകാരമുള്ള അയോഗ്യത തുടങ്ങിയവ നിശ്ചയിക്കലും കമ്മീഷന്റെ അധികാര പരിധിയിലാണ്.
- സംസ്ഥാന നിയമസഭകളിലേക്കും പാർലമെന്റിലേക്കും രാജ്യത്തിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനങ്ങളിലേക്കും തിരഞ്ഞെടുപ്പ് നടത്തുന്നത് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമാണ്.
- രണ്ട് കമ്മീഷനുകളും തുല്യ അധികാരമുള്ള ഭരണഘടനാ സ്ഥാപനങ്ങളാണ്. നിയമസഭ, ലോക് സഭ തിരഞ്ഞെടുപ്പിനായി കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷനും (സംസ്ഥാനതലത്തിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ചീഫ്

ഇലക്ടൽ ഓഫീസർ (CEO)) തദ്ദേശ തിരഞ്ഞെടുപ്പിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും വെവ്വേറെ വോട്ടർ പട്ടിക തയ്യാറാക്കുന്നു. രണ്ട് കമ്മീഷനുകളിലെ വോട്ടർമാരുടെ എണ്ണത്തിലും നിയോജകമണ്ഡലങ്ങളുടെ എണ്ണത്തിലും പോളിംഗ് സ്റ്റേഷനുകളുടെ എണ്ണത്തിലും വ്യത്യാസമുണ്ട്.

| സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (SEC) | കേന്ദ്ര ഇലക്ഷൻ കമ്മീഷൻ (ECI) |
|---|---|
| പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുപ്പുകൾ നടത്തുന്നു. | അസംബ്ലി, പാർലമെന്റ് തിരഞ്ഞെടുപ്പുകൾ നടത്തുന്നു. |
| സംസ്ഥാനത്ത് 19950 ത്രിതല പഞ്ചായത്ത് നിയോജകമണ്ഡലങ്ങളും 3662 മുനിസിപ്പാലിറ്റി വാർഡുകളും | 20 പാർലമെന്റ് മണ്ഡലങ്ങളും 140 അസംബ്ലി മണ്ഡലങ്ങളും |
| 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപാലിറ്റി ആക്ട്, അവയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച അനുബന്ധ ചട്ടങ്ങൾ | 1950-ലെയും 1951-ലെയും ജനപ്രാതിനിധ്യനിയമങ്ങളും അനുബന്ധ ചട്ടങ്ങളും |
| പഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ വാർഡുതലത്തിൽ വോട്ടർപട്ടിക തയ്യാറാക്കുന്നു. | അസംബ്ലി-പാർലമെന്റ് മണ്ഡലങ്ങളിലേക്ക് ബൂത്ത്തലത്തിൽ വോട്ടർപട്ടിക തയ്യാറാക്കുന്നു. |
| പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ അതാത് സെക്രട്ടറിമാരാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (ERO). കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിയാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ. | ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർ ആണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ |
| ERO മാർ അന്വേഷണം/ നേർ വിചാരണ നടത്തി വോട്ടർ പട്ടിക പുതുക്കുന്നു. | വോട്ടർ പട്ടിക പുതുക്കുന്നതിന് BLO/BLA സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| പേര് ചേർക്കുന്നതിനുള്ള യോഗ്യതാ തീയതി പട്ടിക പുതുക്കുന്ന വർഷം ജനുവരി 1 ന് 18 വയസ്സ് പൂർത്തിയാകണം. | പട്ടിക പുതുക്കുന്ന വർഷം ജനുവരി 1/ ഏപ്രിൽ 1/ ജൂലൈ 1 / ഓഗസ്റ്റ് 1 - ന് 18 വയസ്സ് പൂർത്തിയാകണം |

| | |
|---|---|
| 18 വയസ്സ് പൂർത്തിയായതിന് ശേഷം മാത്രമെ പേര് ചേർക്കുന്നതിന് അപേക്ഷിക്കാവൂ | 17 വയസ്സ് പൂർത്തിയായവർക്ക് മുൻകൂറായി അപേക്ഷ നൽകാം |
| പഞ്ചായത്തുകളിലെ ഒരു പോളിംഗ് സ്റ്റേഷനിൽ പരമാവധി 1300 ഉം മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ 1600 ഉം വോട്ടർമാർ | ഒരു പോളിംഗ് സ്റ്റേഷനിൽ പരമാവധി 1200 വോർട്ടർമാർ |
| തദ്ദേശ വോട്ടർ പട്ടികയിൽ ആകെ 2,66,78,256 വോട്ടർമാർ (as on 30/06/2025) | അസംബ്ളി പട്ടികയിൽ ആകെ 2,77,20,818 വോട്ടർമാർ (as on 06.01.2025) |
| തദ്ദേശ സ്ഥാപനങ്ങളിലെ ആകെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം – 30759 | അസംബ്ളി നിയോജകമണ്ഡലങ്ങളിലെ പോളിംഗ് സ്റ്റേഷനുകളുടെ ആകെ എണ്ണം – 25409 (2024 ലെ ലോക് സഭ തിരഞ്ഞെടുപ്പിലെ കണക്ക് പ്രകാരം) |

2. <u>തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്</u>

- 1995 മുതൽ നാളിതുവരെയായി 6 പൊതുതിരഞ്ഞെടുപ്പുകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തി. ആദ്യ പൊതുതിരഞ്ഞെടുപ്പ് 1995 സെപ്തംബർ 23, 25 തീയതികളിലും സത്യപ്രതിജ്ഞ ഒക്ടോബർ 2 നുമാണ് നടത്തിയത്.
- രണ്ടാമത്തെ പൊതുതിരഞ്ഞെടുപ്പ് 2000 സെപ്തംബർ 25, 27 തീയതികളിലും മൂന്നാമത്തേത് 2005 സെപ്തംബർ 24, 26 തീയതികളിലുമാണ് നടത്തിയത്. തിരഞ്ഞെടുപ്പിനെ തുടർന്ന് അംഗങ്ങൾ അതാത് വർഷം ഒക്ടോബർ 2 ന് സത്യപ്രതിജ്ഞ ചെയ്യുകയുമുണ്ടായി.
- 2010-ൽ വാർഡുവിഭജനവുമായി ബന്ധപ്പെട്ട് കോടതി കേസുകളുണ്ടായിരുന്നതിനാൽ പൊതുതിരഞ്ഞെടുപ്പ് ഒക്ടോബർ 23, 25 തീയതികളിലാണ് നടന്നത്. സത്യപ്രതിജ്ഞ നവംബർ 1 നും നടന്നു.
- 2015-ൽ പുതിയ പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നത് സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ കേസുണ്ടായിരുന്നതിനാൽ പൊതുതിരഞ്ഞെടുപ്പ് നവംബർ 2, 5 തീയതികളിലും സത്യപ്രതിജ്ഞ നവംബർ 11 നുമാണ് നടന്നത്.
- കോവിഡ് മഹാമാരിയെ തുടർന്ന് 2020 – ലെ പൊതുതിരഞ്ഞെടുപ്പ് 3 ഘട്ടങ്ങളിലായാണ് നടന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഡിസംബർ 8 നും കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് ജില്ലകളിൽ

ഡിസംബർ 10 നും മലപ്പുറം, കോഴിക്കോട്, കണ്ണൂർ (മട്ടന്നൂർ ഒഴികെ), കാസർഗോഡ് ജില്ലകളിൽ ഡിസംബർ 14 നുമായിരുന്നു പൊതുതിരഞ്ഞെടുപ്പ് നടത്തിയത്.

**2020 ലെ തിരഞ്ഞെടുപ്പ് കാര്യപരിപാടി**

| | |
|---|---|
| തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത് | – 2020 നവംബർ 6 |
| വിജ്ഞാപനം പുറപ്പെടുവിച്ചത് | – 2020 നവംബർ 12 |
| നോമിനേഷൻ – അവസാന തീയതി | – 2020 നവംബർ 19 |
| സൂക്ഷ്മ പരിശോധന | – 2020 നവംബർ 20 |
| സ്ഥാനാർത്ഥിത്വം പിൻവലിക്കൽ | – 2020 നവംബർ 23 |
| വോട്ടെടുപ്പ് | – 2020 ഡിസംബർ 8,10,14 |
| വോട്ടെണ്ണൽ | – 2020 ഡിസംബർ 16 |

- 14 ജില്ലകളിലെയും വോട്ടെണ്ണൽ ഡിസംബർ 16 നായിരുന്നു. ഭരണസമിതി കാലാവധി പൂർത്തിയാകാത്ത 8 സ്ഥാപനങ്ങൾ ഒഴികെ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ ഡിസംബർ 21 നായിരുന്നു സത്യപ്രതിജ്ഞ.
- മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ ഡിസംബർ 22 നും ചേക്കോട് ഗ്രാമപഞ്ചായത്തിൽ ഡിസംബർ 26 നും തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ 2021 ജനുവരി 16 നും മംഗലം, വെട്ടം, തിരുവങ്ങാട്, മക്കരപറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളിലും തിരൂർ ബ്ലോക്ക് പഞ്ചായത്തിലും 2021 ഫെബ്രുവരി 1 നുമായിരുന്നു സത്യപ്രതിജ്ഞ.
- കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിൽ 2022 ആഗസ്റ്റ് 20 ന് പൊതുതിരഞ്ഞെടുപ്പും സെപ്റ്റംബർ 11 ന് സത്യപ്രതിജ്ഞയും നടത്തി.

## 3. തദ്ദേശ സ്ഥാപനങ്ങളും വാർഡുകളും

| തദ്ദേശ സ്ഥാപനങ്ങൾ | എണ്ണം | നിലവിലെ വാർഡുകളുടെ എണ്ണം | പുതുക്കിയ വാർഡുകളുടെ എണ്ണം (2025 ലെ വാർഡ് പുനർനിർണ്ണയ പ്രകാരം) |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 941 | 15962 | 17337 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 2080 | 2267 |

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 14 | 331 | 346 |
| മുനിസിപ്പാലിറ്റി | 87 | 3113 | 3241 |
| കോർപ്പറേഷൻ | 6 | 414 | 421 |
| ആകെ | 1200 | 21900 | 23612 |

- വാർഡ് പുനർ നിർണ്ണയത്തിന് ശേഷം 1712 വാർഡുകൾ അധികമായി രൂപീകരിച്ചിട്ടുണ്ട്.

**4. വാർഡ് വിഭജനം**

- തദ്ദേശ സ്ഥാപനങ്ങളുടെ കുറഞ്ഞതും കൂടിയതുമായ അംഗസംഖ്യയിൽ വ്യത്യാസം വരുത്തി കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും സർക്കാർ ഭേദഗതി വരുത്തി.

**അംഗസംഖ്യ (കുറഞ്ഞത് – കൂടിയത് )**

| തദ്ദേശ സ്ഥാപനങ്ങൾ | നിലവിലുള്ളത് | | ഭേദഗതി വരുത്തിയത് | |
|---|---|---|---|---|
| | കുറഞ്ഞത് | കൂടിയത് | കുറഞ്ഞത് | കൂടിയത് |
| ഗ്രാമപഞ്ചായത്ത് | 13 | 23 | 14 | 24 |
| ബ്ലോക്ക് പഞ്ചായത്ത് | 13 | 23 | 14 | 24 |
| ജില്ലാ പഞ്ചായത്ത് | 16 | 32 | 17 | 33 |
| മുനിസിപ്പാലിറ്റി | 25 | 52 | 26 | 53 |
| കോർപ്പറേഷൻ | 55 | 100 | 56 | 101 |

- 2011–ലെ ജനസംഖ്യ അടിസ്ഥാനമാക്കി എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും അംഗസംഖ്യ സർക്കാരും തദ്ദേശ വകുപ്പ് റൂറൽ ഡയറക്ടറും പുതുക്കി നിശ്ചയിച്ചു.
- വാർഡ് പുനർവിഭജനം നടത്തുന്നതിന് സർക്കാർ ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ചെയർമാനും ഗവ.സെക്രട്ടറിമാരായ ഡോ.രത്തൻ യു ഖേൽക്കർ IAS, ശ്രീ.കെ.ബിജു IAS, ശ്രീ.എസ് ഹരികിഷോർ IAS, ഡോ.കെ.വാസുകി IAS എന്നിവർ അംഗങ്ങളുമാണ്.

- 2011–ലെ ജനസംഖ്യ അടിസ്ഥാനമാക്കി മൂന്ന് ഘട്ടങ്ങളിലായാണ് വാർഡ് വിഭജന പ്രക്രിയ.
- ഒന്നാം ഘട്ടത്തിൽ 940 ഗ്രാമപഞ്ചായത്തുകൾ, 86 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ എന്നിവയുടെ വാർഡ് വിഭജനം നടന്നു.
- 2011 – ലെ ജനസംഖ്യ അടിസ്ഥാനമാക്കി 2015 – ൽ വാർഡ് വിഭജനം നടത്തിയതും 2024 – ൽ അംഗസംഖ്യയിൽ വ്യത്യാസമില്ലാത്തതുമായ പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്ത്, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി എന്നിവ ഒഴിവാക്കിയിരുന്നു.
- ഒന്നാംഘട്ടത്തിൽ കരട് വാർഡു വിഭജന റിപ്പോർട്ട് 2024 നവംബർ 18 ന് പ്രസിദ്ധീകരിച്ചു. കരട് സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തിയും പരാതിക്കാരെ നേരിൽ കേട്ടും അധിക വിവരങ്ങൾ ശേഖരിച്ചും പരാതികൾ തീർപ്പാക്കിയിരുന്നു.
- അന്തിമ വാർഡ് വിഭജന റിപ്പോർട്ട് ഗ്രാമപഞ്ചായത്തുകളുടേത് 15.05.2025 നും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടേത് 26.05.2025 നും വിജ്ഞാപനം ചെയ്തു.
- രണ്ടാംഘട്ടത്തിൽ 152 ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വാർഡ് വിഭജന റിപ്പോർട്ട് 30.05.2025 ന് പ്രസിദ്ധീകരിച്ചിരുന്നു.
- കരട് റിപ്പോർട്ട് സംബന്ധിച്ച ആക്ഷേപങ്ങൾ തീർപ്പാക്കി അന്തിമ വിജ്ഞാപനം 11/07/2025 ന് പ്രസിദ്ധീകരിച്ചു.
- മൂന്നാംഘട്ടത്തിൽ ജില്ലാ പഞ്ചായത്തുകളുടെ കരട് വിഭജന റിപ്പോർട്ട് 21/07/2025 നും പരാതികൾ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 26 വരെയുമാണ്.
- ആഗസ്റ്റ് രണ്ടാം വാരത്തോടെ വാർഡ് പുനർവിഭജന പ്രക്രിയ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.
- അന്തിമ വിജ്ഞാപനത്തിന്റെയും ഡിജിറ്റൽ ഭൂപടത്തിന്റെയും 3 പകർപ്പുകൾ ദേശീയ, സംസ്ഥാന പാർട്ടികൾക്കും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികൾക്കും സൗജന്യമായി നൽകുന്നതിന് അതാത് തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് ഡീലിമിറ്റേഷൻ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാത്തവർക്ക് വില നൽകി അവ വാങ്ങാവുന്നതാണ്.

5. <u>ഡിജിറ്റൽ ഭൂപടം</u>

- 2025–ലെ വാർഡ് പുനർ വിഭജനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഡിജിറ്റൽ ഭൂപടം ഡീലിമിറ്റേഷൻ കമ്മീഷൻ തയ്യാറാക്കി.
- ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ Q – Field ആപ്പ് ഉപയോഗിച്ച് ഫീൽഡ് പരിശോധന നടത്തിയാണ് ഡിജിറ്റൽ ഭൂപടം തയ്യാറാക്കിയത്.

- ഡീലിമിറ്റേഷൻ കമ്മീഷൻ പുനർനിർണ്ണയിച്ചിട്ടുള്ള വാർഡുകളുടെ അതിർത്തികൾക്കനുസൃതമായാണ് ഭൂപടം ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ളത്.
- തദ്ദേശസ്ഥാപനങ്ങളുടെ വോട്ടർ പട്ടിക തയ്യാറാക്കൽ, പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കൽ തുടങ്ങിയ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കും വിവിധ സർക്കാർ വകുപ്പുകൾക്കും തദ്ദേശസ്ഥാപനങ്ങൾക്കും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മറ്റ് അക്കാദമിക് ആവശ്യങ്ങൾക്കും ഡിജിറ്റൽ ഭൂപടം സഹായകരമാകും.

## 6. തദ്ദേശ സ്ഥാപനങ്ങളിലെ വോട്ടർപട്ടിക

- തദ്ദേശ സ്ഥാപനങ്ങളുടെ വോട്ടർപട്ടിക തയ്യാറാക്കുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽ നോട്ടത്തിലും നിയന്ത്രണത്തിലും നിർദ്ദേശത്തിലുമാണ്.
- കമ്മീഷന്റെ നിർദ്ദേശാനുസരണം തദ്ദേശ സ്ഥാപനങ്ങളിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരാണ് പട്ടിക തയ്യാറാക്കുന്നത്.
- ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ അതാത് സെക്രട്ടറിമാരും കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിയുമാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ.
- 2015-ലെ തദ്ദേശ പൊതുതിരഞ്ഞെടുപ്പിന് മുമ്പായി കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ ബൂത്ത്തല വോട്ടർപട്ടിക അടിസ്ഥാനമാക്കി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വന്തമായി വോട്ടർപട്ടികയുടെ ഡാറ്റാബേസ് തയ്യാറാക്കിയിരുന്നു. (Electoral Roll Management System-ERMS)
- കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ അസംബ്ലി ബൂത്ത്തല വോട്ടർപട്ടിക ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർ മുഖേന ഫീൽഡ് പരിശോധന നടത്തിയാണ് തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിന് വേണ്ടി വാർഡുതല വോട്ടർ പട്ടിക തയ്യാറാക്കിയത്.
- തുടർന്ന്, വാർഡ്തല വോട്ടർ പട്ടിക കരടായി പ്രസിദ്ധീകരിച്ച് റിവിഷൻ നടത്തി 2015 -ലെ പൊതുതിരഞ്ഞെടുപ്പിനായുള്ള വോട്ടർ പട്ടികയായി ഉപയോഗിച്ചത്.
- 2015 – ൽ തയ്യാറാക്കിയ വോട്ടർപട്ടിക കാലാകാലങ്ങളിൽ പുതുക്കി 2020 – ലെ പൊതുതിരഞ്ഞെടുപ്പിലും പിന്നീട് നടന്ന ഉപതിരഞ്ഞെടുപ്പുകളിലും ഉപയോഗിച്ചു.
- 2020 – ലെ വോട്ടർപട്ടിക അടിസ്ഥാനമാക്കി 2023 ലും 2024 ലും സമ്മറി റിവിഷൻ (സംക്ഷിപ്ത പുതുക്കൽ) നടത്തിയിരുന്നു.

## 7. സമ്മറി റിവിഷൻ 2023 & 2024

- സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളുടെയും 87 മുനിസിപ്പാലിറ്റികളുടെയും 6 കോർപ്പറേഷനുകളുടെയും നിലവിലെ വോട്ടർപട്ടിക 2023 ലും 2024 ലും സമ്മറി റിവിഷൻ നടത്തിയിരുന്നു.
- 2023 –ലെ സമ്മറി റിവിഷൻ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ് നടത്തിയത്.
- നിയമാനുസരണം 2023 ജനുവരി 01 യോഗ്യത തീയതി നിശ്ചയിച്ചാണ് അന്ന് പട്ടിക പുതുക്കിയിരുന്നത്.
- 2023 സെപ്റ്റംബർ 8 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. അപേക്ഷകളും ആക്ഷേപങ്ങളും നൽകുന്നതിന് സെപ്റ്റംബർ 23 വരെ സമയം അനുവദിച്ചിരുന്നു.
- ലഭിച്ച അപേക്ഷകളും ആക്ഷേപങ്ങളും തീർപ്പാക്കി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അന്തിമ വോട്ടർപട്ടിക 16.10.2023 ന് പ്രസിദ്ധീകരിച്ചിരുന്നു.
- തുടർന്ന് നടന്ന ഉപതിരഞ്ഞെടുപ്പുകൾക്ക് ഈ വോട്ടർ പട്ടിക പുതുക്കിയാണ് ഉപയോഗിച്ചത്

**<u>സമ്മറി റിവിഷൻ – 2023</u>**

| | കരട് പട്ടിക | പേര് ഉൾപ്പെടുത്തിയത് | ഒഴിവാക്കിയത് | അന്തിമ പട്ടിക |
|---|---|---|---|---|
| Male | 13178517 | 27374 | 479532 | 12726359 |
| Female | 14491779 | 30266 | 397345 | 14124700 |
| Transgender | 240 | 0 | 2 | 238 |
| Total | 27670536 | 57640 | 876879 | 26851297 |

- 2023 – ൽ പുതുക്കിയ വോട്ടർ പട്ടിക അടിസ്ഥാനമാക്കിയാണ് 2024–ലെ സമ്മറി റിവിഷൻ നടത്തിയത്.
- കരട് വോട്ടർ പട്ടിക 2024 ജൂൺ 6 ന് പ്രസിദ്ധീകരിച്ചിരുന്നു. അപേക്ഷകളും ആക്ഷേപങ്ങളും ജൂൺ 21 വരെ സ്വീകരിച്ചു.
- അപേക്ഷകളിലും ആക്ഷേപങ്ങളിലുമേൽ തുടർ നടപടി സ്വീകരിച്ച് അന്തിമ വോട്ടർപട്ടിക 2024 ജൂലൈ 01 ന് പ്രസിദ്ധീകരിച്ചിരുന്നു.

**<u>സമ്മറി റിവിഷൻ – 2024</u>**

| | കരട് പട്ടിക | പേര് ഉൾപ്പെടുത്തിയത് | ഒഴിവാക്കിയത് | അന്തിമ പട്ടിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| Male | 12728880 | 123691 | 222856 | 12629715 |
| Female | 14127905 | 145211 | 230090 | 14043026 |
| Transgender | 238 | 5 | 5 | 238 |
| Total | 26857023 | 268907 | 452951 | 26672979 |

- 2024-ൽ സമ്മറി റിവിഷൻ നടത്തിയ വോട്ടർ പട്ടിക പുതുക്കി 30.07.2024 (49 വാർഡുകൾ), 10.12.2024 (31 വാർഡുകൾ), 24.02.2025 (30 വാർഡുകൾ) തീയതികളിൽ ഉപതിരഞ്ഞെടുപ്പ് നടത്തിയിരുന്നു.

## 8. വാർഡ് വിഭജനത്തിനുശേഷം വോട്ടർപട്ടികയുടെ പുനഃക്രമീകരണം

- 2024 ൽ സമ്മറി റിവിഷൻ നടത്തിയ വോട്ടർപട്ടിക അടിസ്ഥാനമാക്കിയാണ് 2025 – ലെ തദ്ദേശ പൊതുതിരഞ്ഞെടുപ്പിന് വോട്ടർപട്ടിക തയ്യാറാക്കുന്നത്.
- വാർഡു പുനർവിഭജനം നടന്ന സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ നിവവിലുണ്ടായിരുന്ന വോട്ടർപട്ടിക പുതിയ വാർഡുകളിൽ ക്രമീകരിച്ചിട്ടുണ്ട്.
- ഡീലിമിറ്റേഷൻ കമ്മീഷന്റെ വാർഡ് വിഭജന ഉത്തരവിലെ അതിർത്തികൾ പരിശോധിച്ചാണ് വോട്ടർപട്ടിക പുതിയ വാർഡുകളിലേക്ക് ക്രമീകരിച്ചിട്ടുള്ളത്.

**വോട്ടർമാരുടെ എണ്ണം ജില്ലാതലത്തിൽ**

| ക്രമ നമ്പർ | ജില്ല | പുരുഷൻമാർ | സ്ത്രീകൾ | ട്രാൻസ്ജെൻഡർ | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1272254 | 1461405 | 21 | 2733680 |
| 2 | കൊല്ലം | 987319 | 1138256 | 19 | 2125594 |
| 3 | പത്തനംതിട്ട | 471103 | 549292 | 3 | 1020398 |
| 4 | ആലപ്പുഴ | 792392 | 902942 | 11 | 1695345 |
| 5 | കോട്ടയം | 739094 | 800085 | 9 | 1539188 |
| 6 | ഇടുക്കി | 423370 | 443644 | 5 | 867019 |
| 7 | എറണാകുളം | 1202583 | 1294778 | 32 | 2497393 |
| 8 | തൃശ്ശൂർ | 1214595 | 1378301 | 24 | 2592920 |
| 9 | പാലക്കാട് | 1071613 | 1177120 | 19 | 2248752 |
| 10 | മലപ്പുറം | 1585822 | 1685436 | 44 | 3271302 |
| 11 | കോഴിക്കോട് | 1177753 | 1302256 | 23 | 2480032 |

| | | | | | |
|---|---|---|---|---|---|
| 12 | വയനാട് | 292765 | 310146 | 6 | 602917 |
| 13 | കണ്ണൂർ | 915410 | 1066319 | 10 | 1981739 |
| 14 | കസർഗോഡ് | 486113 | 535857 | 7 | 1021977 |
| ആകെ | | 12632186 | 14045837 | 233 | 26678256 |

**9. പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കൽ**

- വാർഡ് പുനർവിഭജനത്തെ തുടർന്ന് തദ്ദേശ സ്ഥാപനങ്ങളിലെ നിലവിലെ പോളിംഗ് സ്റ്റേഷനുകൾക്കും പുനക്രമീകരണം ആവശ്യമായി വന്നു.
- എല്ലാ വാർഡുകളിലും കുറഞ്ഞത് ഒരു പോളിംഗ് സ്റ്റേഷൻ ഉണ്ടാകും.
- പഞ്ചായത്തുകളെ സംബന്ധിച്ച് പരമാവധി 1300 ഉം മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് 1600 ഉം വോട്ടർമാർക്കാണ് ഒരു പോളിംഗ് സ്റ്റേഷൻ രൂപീകരിച്ചിട്ടുള്ളത്.
- ത്രിതല പഞ്ചായത്തുകളിൽ വോട്ടെടുപ്പിന് EVM ആദ്യമായി ഉപയോഗിച്ചത് 2015 ലാണ്. അതിനുമുന്നോടിയായി മംഗലപുരം ഗ്രാമപഞ്ചായത്തിൽ മോക്ക്പോൾ നടത്തിരുന്നു. അതുപ്രകാരം ഒരു പോളിംഗ് സ്റ്റേഷനിൽ പഞ്ചായത്തിന് 1100 ഉം നഗരസഭക്ക് 1500 ഉം വോട്ടർമാരെ നിശ്ചയിച്ചിരുന്നു. എന്നാൽ 2020 ൽ പോളിംഗ് സമയം 1 മണിക്കൂർ ദൈർഘിപ്പിച്ച് രാവിലെ 7 മുതൽ വൈകുന്നേരം 6 വരെയായി നിശ്ചയിച്ച സാഹചര്യത്തിൽ വോട്ടർമാരുടെ എണ്ണം യഥാക്രമം 1300 ഉം 1600 മായി നിശ്ചയിച്ചിരുന്നു. എന്നാൽ 2020 ലെ കോവിഡ് പശ്ചാതലത്തിൽ അവ യഥാക്രമം 1200 ഉം 1500 മായി നിജപ്പെടുത്തി.
- ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ശുപാർശ ചെയ്തത് പ്രകാരമാണ് പോളിംഗ് സ്റ്റേഷനുകൾ നിശ്ചയിച്ചിട്ടുള്ളത്.
- പോളിംഗ് സ്റ്റേഷനുകളുടെ ലിസ്റ്റ് സംബന്ധിച്ച് പ്രാദേശിക തലത്തിൽ രാഷ്ട്രീയ പാർട്ടികളുടെ യോഗം ചേർന്നിരുന്നു.
- ഒന്നിലധികം പോളിംഗ് സ്റ്റേഷനുകളുള്ള വാർഡുകളിൽ ഓരോ പോളിംഗ് സ്റ്റേഷനിലും ശരാശരി വോട്ടർമാരെ ക്രമീകരിക്കും.
- വാർഡ് പ്രദേശത്തുള്ളതും സൗകര്യപ്രദവുമായ പൊതു കെട്ടിടങ്ങളാണ് ഇതിനായി പരിഗണിച്ചിരുന്നത്. അപ്രകാരമുള്ള കെട്ടിടങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ കെട്ടിടങ്ങളോ സമീപ വാർഡുകളിലെ പൊതു കെട്ടിടങ്ങളോ പരിഗണിച്ചിട്ടുണ്ട്.
- സമ്മറി റിവിഷന് ശേഷം വോട്ടർമാരുടെ എണ്ണം പരിശോധിച്ച് ആവശ്യമെങ്കിൽ പോളിംഗ് സ്റ്റേഷനുകൾക്ക് വീണ്ടും ക്രമീകരണം വരുത്താവുന്നതാണ്.

**പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം (വോർട്ടർമാരുടെ ക്രമത്തിൽ)**

| വോർട്ടർമാരുടെ എണ്ണം | പോളിംഗ്സ്റ്റേഷനുകളുടെ എണ്ണം | |
|---|---|---|
| | റൂറൽ | അർബൻ |
| 0– 500 | 1245 | 27 |
| 501 – 600 | 2386 | 70 |
| 601 – 700 | 5927 | 178 |
| 701 – 800 | 4875 | 385 |
| 801 – 900 | 2408 | 677 |
| 901 – 1000 | 2025 | 742 |
| 1001 – 1100 | 2088 | 728 |
| 1101 – 1200 | 2248 | 786 |
| 1201 – 1300 | 1911 | 716 |
| 1301 – 1400 | 194 | 532 |
| 1401 –1 500 | 2 | 378 |
| 1501 – 1600 | – | 197 |
| 1601 –1 700 | – | 34 |
| > 1700 | – | 0 |
| ആകെ | 25309 | 5450 |

ആകെ പോളിംഗ് സ്റ്റേഷനുകൾ – 30,759

10. **സമ്മറി റിവിഷൻ 2025**

- 2025–ലെ പൊതുതിരഞ്ഞെടുപ്പിനായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടികൾ ഇതിനകം കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്.
- വാർഡ് വിഭജനത്തിന് ശേഷം പുതിയ വാർഡുകളിൽ ക്രമീകരിച്ച വോട്ടർപട്ടിക കരടായി 2025 ജൂലൈ 23 ന് പ്രസിദ്ധീകരിക്കും.
- കരട് വോട്ടർ പട്ടിക കമ്മീഷന്റെ വെബ് സൈറ്റിലും അതാത് തദ്ദേശ സ്ഥാപനത്തിലും വില്ലേജ് ഓഫീസിലും താലൂക്ക് ഓഫീസിലും ലഭ്യമാക്കും.

- സംസ്ഥാനത്തെ അംഗീകൃത ദേശീയ, സംസ്ഥാന പാർട്ടികൾക്ക് സൗജന്യമായി വോട്ടർ പട്ടികയുടെ 2 പകർപ്പുകൾ നൽകും. അല്ലാത്തവർക്ക് നിശ്ചിത വില (പേജ് ഒന്നിന് 3 രൂപയും ജി. എസ്. ടി യും) നൽകി അവ വാങ്ങാവുന്നതുമാണ്.
- കരട് വോട്ടർ പട്ടിക സംബന്ധിച്ച് ജൂലൈ 23 മുതൽ ആഗസ്റ്റ് 07 വരെ അപേക്ഷകളും ആക്ഷേപങ്ങളും നൽകാം. (23.07.2025 മുതൽ 07.08.2025 വരെ)
- കമ്മീഷന്റെ www.sec.kerala.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷകൾ നൽകേണ്ടത്.
- അപേക്ഷകളും ആക്ഷേപങ്ങളും നൽകുന്നതിനുള്ള ഫാറങ്ങൾ

  ഫാറം 4 – പേര് ഉൾപ്പെടുത്തുന്നതിന്

  ഫാറം 5 – പേര് ഒഴിവാക്കുന്നതിന്

  ഫാറം 6 – ഉൾക്കുറിപ്പ് തിരുത്തുന്നതിന്

  ഫാറം 7 – മറ്റൊരു വാർഡിലേക്കോ പോളിംഗ് സ്റ്റേഷനിലേക്കോ സ്ഥാനമാറ്റം വരുത്തുന്നതിന്

  ഫാറം 8 – പേര് ഒഴിവാക്കുന്നതിന് (അന്തിമ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം)
- പേര് ചേർക്കുന്നതിന് യോഗ്യതാ തീയതിയിൽ (01–01–2025) 18 വയസ്സിൽ കുറയാത്ത ഭാരത പൗരൻമാർക്കാണ് അപേക്ഷിക്കാൻ യോഗ്യത.
- അപേക്ഷകർ ബന്ധപ്പെട്ട വാർഡിലെ സാധാരണ താമസക്കാരായിരിക്കണം.
- സ്ഥിര ബുദ്ധിയില്ലായെന്ന് കോടതി പ്രഖ്യാപിച്ചിട്ടുള്ളവർക്കും ഏതെങ്കിലും നിയമപ്രകാരം വോട്ടുരേഖപ്പെടുത്തുന്നതിന് അയോഗ്യനാക്കപ്പെട്ടവർക്കും പട്ടികയിൽ പേര് ചേർക്കാൻ യോഗ്യതയില്ല.
- പേര് ഒഴിവാക്കുന്നതിനുള്ള ആക്ഷേപം (ഫാറം 5) ഓൺലൈൻ ആയി രജിസ്റ്റർ ചെയ്ത് പ്രിന്റൗട്ടിൽ ആക്ഷേപകനും ഒരു സമ്മതിദായകനും ഒപ്പിട്ട് നൽകണം. ഫാറം 5 പൂരിപ്പിച്ച് നേരിട്ടോ തപാലിലൂടെയോ നൽകുന്നവയും സ്വീകരിക്കും.
- ഉൾക്കുറിപ്പ് തിരുത്തുന്നതിനുള്ള അപേക്ഷയും (ഫാറം 6) പേര് മറ്റൊരു വാർഡിലേയ്ക്കോ പോളിംഗ് സ്റ്റേഷനിലേക്കോ മാറ്റുന്നതിനുള്ള അപേക്ഷയും (ഫാറം 7) ഓൺലൈൻ ആയി നൽകാം.
- ഓൺലൈൻ അപേക്ഷ നൽകുമ്പോൾ തന്നെ ഹിയറിംഗ് നോട്ടീസ് ലഭിക്കും. അപേക്ഷകൾ ഒപ്പിട്ട് നൽകുന്നതിനും വോട്ടറുടെ ഐഡന്റിറ്റി ഉറപ്പാക്കുന്നതിനുമാണ് ഹിയറിംഗ്.
- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കീഴിൽ BLO/BLA സംവിധാനമില്ല. തദ്ദേശസ്ഥാപനതലത്തിൽ ബന്ധപ്പെട്ട ERO മാർ നിയമാനുസൃതം ഹിയറിംഗ് നടത്തുന്നു.

- വിദൂര സ്ഥലങ്ങളിൽ പഠനാവശ്യത്തിനോ ജോലിയുമായി ബന്ധപ്പെട്ടോ താത്കാലികമായി വീട് വിട്ടുനിൽക്കുന്നവർക്ക് ഹിയറിംഗിനായി ഓൺലൈൻ സൗകര്യം ഏർപ്പെടുത്താൻ ERO മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
- അപേക്ഷകളും ആക്ഷേപങ്ങളും ERO മാർ പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കും. നടപടി വിവരം രേഖാമൂലം അപേക്ഷകരെ അറിയിക്കും.
- ERO യുടെ തീരുമാനത്തിനെതിരെ ആവശ്യമെങ്കിൽ അപേക്ഷകർക്ക് അപ്പീൽ നൽകാം.
- തദ്ദേശ വകുപ്പിലെ ജില്ല ജോയിന്റ് ഡയറക്ടർക്ക് ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം വേണം അപ്പീൽനൽകേണ്ടത്.
- അന്തിമ വോട്ടർ പട്ടിക 2025 ആഗസ്റ്റ് 30 ന് പ്രസിദ്ധീകരിക്കും.
- പൊതുതിരഞ്ഞെടുപ്പിന് മുമ്പ് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും ഭേദഗതികൾ വരുത്തുന്നതിനും വീണ്ടും റിവിഷൻ നടത്തുന്നതാണ്.

11. പ്രവാസി വോട്ടർപട്ടിക

- തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രവാസി ഭാരതീയർക്ക് വോട്ടവകാശമുണ്ട്.
- തദ്ദേശസ്ഥാപനങ്ങളിലെ പ്രവാസി ഭാരതീയർക്കുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കാണ് ഇതിന് അർഹത.
- പേര് ചേർക്കുന്നതിന് ഓൺലൈനിൽ അപേക്ഷ (ഫോറം 4 എ) നൽകണം. കൂടാതെ അപേക്ഷയുടെ പ്രിന്റൗട്ട് ഒപ്പിട്ട് പാസ്പോർട്ടിന്റെ പകർപ്പ് സഹിതം ERO യ്ക്ക് നേരിട്ടോ തപാലിലൂടെയോ ലഭ്യമാക്കുകയും വേണം.
- പാസ്പോർട്ടിലെ മേൽവിലാസം ഉൾക്കൊള്ളുന്ന തദ്ദേശ വാർഡിലാണ് പേര് ഉൾപ്പെടുത്തേണ്ടത്.
- പ്രവാസി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി വോട്ടു രേഖപ്പെടുത്താം. തിരിച്ചറിയൽ രേഖയായി പാസ്പോർട്ടിന്റെ ഒറിജിനൽ കാണിക്കണം.

12. സംവരണം

- പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി കമ്മീഷൻ വാർഡ് സംവരണം പുനർ നിശ്ചയിക്കും.
- സ്ത്രീ, പട്ടികജാതി, പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗം, പട്ടിക വർഗ്ഗം സ്ത്രീ എന്നിങ്ങനെ അഞ്ച് വിഭാഗങ്ങൾക്കാണ് സംവരണം നിശ്ചയിക്കുന്നത്.
- ഓരോ തദ്ദേശ സ്ഥാപനത്തിലും അത്തരത്തിൽ സംവരണം ഏർപ്പെടുത്തേണ്ട വാർഡുകളുടെ എണ്ണം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

- മുനിസിപ്പാലിറ്റികൾക്ക് സർക്കാരും പഞ്ചായത്തുകൾക്ക് തദ്ദേശ വകുപ്പ് റൂറൽ ഡയറക്ടറുമാണ് എണ്ണം നിശ്ചയിച്ചിട്ടുള്ളത്.
- സ്ത്രീകൾക്ക് ഓരോ തദ്ദേശ സ്ഥാപനത്തിലും 50 ശതമാനവും പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യ ആനുപാതികവുമായിട്ടാണ് സംവരണം നിശ്ചയിച്ചിട്ടുള്ളത്.
- ഓരോ സ്ഥാപനത്തിലെയും സംവരണ വാർഡുകളുടെ എണ്ണമനുസരിച്ച് അവ ഏതൊക്കെ വാർഡുകളിലാണെന്ന് കമ്മീഷൻ യഥാവിധി നിശ്ചയിക്കും.
- ആവർത്തനക്രമമനുസരിച്ച് നറുക്കെടുപ്പിലൂടെ സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിന് കമ്മീഷൻ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തും.
- ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് ജില്ലാ കളക്ടറെയും മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറെയും കോർപ്പറേഷനുകളെ സംബന്ധിച്ച് അർബൻ ഡയറക്ടറെയുമാണ് ഇതിനായി കമ്മീഷൻ അധികാരപ്പെടുത്തുന്നത്.
- വാർഡു പുനർവിഭജനം നടന്ന സാഹചര്യത്തിൽ നിലവിലുള്ള സംവരണ വാർഡിന്റെ സ്ഥിതി ആ വാർഡിന്റെ 50% – ൽ കൂടുതൽ ജനസംഖ്യ ഉൾപ്പെട്ടു വരുന്ന പുതിയ വാർഡിനായിരിക്കും.
- ജില്ലാ പഞ്ചായത്ത് വാർഡ് വിഭജനം പൂർത്തിയാകുന്ന മുറയ്ക്ക് സംവരണ വാർഡ് നിശ്ചയിക്കുന്ന പ്രക്രിയ ആരംഭിക്കും. നറുക്കെടുപ്പ തീയതിയും സ്ഥലവും പിന്നാലെ അറിയിക്കും.
- സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിൽ സംവരണം ചെയ്യേണ്ട അദ്ധ്യക്ഷസ്ഥാനങ്ങളുടെ എണ്ണം സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്.
- വാർഡ് സംവരണം പൂർത്തിയാകുന്ന മുറയ്ക്ക് അധ്യക്ഷൻ സ്ഥാനത്തെ സംവരണം ആവർത്തന ക്രമമനുസരിച്ച് കമ്മീഷൻ നിശ്ചയിക്കും.

## 13. ഫസ്റ്റ് ലെവൽ ചെക്കിംഗ് (FLC)

- ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും തിരഞ്ഞെടുപ്പ് EVM ഉപയോഗിച്ചാണ് നടത്തുന്നത്.
- കേന്ദ്ര സർക്കാർ സ്ഥാപനമായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് (ECIL) നിർമ്മിക്കുന്ന മൾട്ടി പോസ്റ്റ് മെഷീനുകളാണ് ഇതിനായി ഉപയോഗിക്കുന്നത്.
- തിരഞ്ഞെടുപ്പ് നടത്തിപ്പിനായി ആകെ 51551 കൺട്രോൾയൂണിറ്റുകളും 1,39,053 ബാലറ്റ് യൂണിറ്റുകളും കമ്മീഷന് സ്വന്തമായിട്ടുണ്ട്.

- തിരഞ്ഞെടുപ്പിന് മുന്നോടിയായി ECIL എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ഫസ്റ്റ് ലെവൽ ചെക്കിംഗ് നടത്തും.
- എല്ലാ ജില്ലകളിലും ജൂലൈ 25 മുതൽ ആഗസ്റ്റ് 25 വരെയായിരിക്കും FLC നടത്തുക. അതാത് വെയർഹൗസിൽ വച്ച് പോലീസ് സുരക്ഷയോടെയാണ് FLC നടത്തുന്നത്. (25.07.2025 മുതൽ 25.08.2025 വരെ)
- FLC വേളയിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പങ്കെടുക്കുന്നത് ഉചിതമായിരിക്കും. ഓരോ ജില്ലയിലെയും FLC സംബന്ധിച്ച സമയക്രമം പിന്നാലെ അറിയിക്കും.

<u>14. തിരഞ്ഞെടുപ്പ് ചിഹ്നങ്ങൾ</u>

- തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയ പാർട്ടികൾക്കുള്ള ചിഹ്നങ്ങളും മറ്റ് സ്വതന്ത്ര ചിഹ്നങ്ങളും സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (നമ്പർ 09/2024/SEC/തീയതി 03.02.2024)
- ചിഹ്നങ്ങൾ 4 പട്ടികകളായി തിരിച്ചാണ് അനുവദിച്ചിട്ടുള്ളത്. ഒന്നാം പട്ടികയിൽ, കേന്ദ്ര ഇലക്ഷൻ കമ്മീഷൻ ദേശീയ പാർട്ടികളായി പ്രഖ്യാപിച്ചിട്ടുള്ള 6 രാഷ്ട്രീയ പാർട്ടികൾ
    1. ആം ആദ്മി പാർട്ടി – ചൂൽ
    2. ബഹുജൻ സമാജ് പാർട്ടി – ആന
    3. ഭാരതീയ ജനതാ പാർട്ടി – താമര
    4. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) – ചുറ്റിക അരിവാൾ നക്ഷത്രം
    5. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് – കൈ
    6. നാഷണൽ പീപ്പിൾസ് പാർട്ടി – പുസ്തകം
- രണ്ടാം പട്ടികയിൽ, കേന്ദ്ര ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള 5 കേരള സംസ്ഥാന രാഷ്ട്രീയ പാർട്ടികൾ
    1. ജനതാദൾ – തലയിൽ നെൽക്കതിരേന്തിയ കർഷക സ്ത്രീ
    2. കേരള കോൺഗ്രസ് (എം) – രണ്ടില
    3. ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് – ഏണി
    4. റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി – മൺവെട്ടിയും മൺകോരിയും
    5. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ – ധാന്യകതിരും അരിവാളും
- മൂന്നാം പട്ടികയിൽ, മറ്റ് സംസ്ഥാനങ്ങളിലെ അംഗീകൃത പാർട്ടികളും കേരള അസംബ്ലിയിലൊ സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലൊ അംഗങ്ങളുള്ളതും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 28 രാഷ്ട്രീയ പാർട്ടികൾ. ഈ പാർട്ടികൾക്ക് അനുവദിച്ചിട്ടുള്ള ചിഹ്നങ്ങൾ ആ പാർട്ടികളുടെ

സ്ഥാനാർത്ഥികൾക്ക് മാത്രമെ അനുവദിക്കൂ (കമ്മീഷന്റെ 21-06-2017 ലെ Local Authorities Election Symbols (Reservation and Allotment) Order, 2017)

- പട്ടിക 4 ൽ, 73 എണ്ണം സ്വതന്ത്ര ചിഹ്നങ്ങളുണ്ട്. 1, 2, 3 പട്ടികകളിൽ ഉൾപ്പെടാത്തതും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ രാഷ്ട്രീയ പാർട്ടികൾക്ക് അവർ ആവശ്യപ്പെട്ട പ്രകാരമുള്ള സ്വതന്ത്ര ചിഹ്നങ്ങൾ മുൻഗണനാ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട് (കമ്മീഷന്റെ 21-06-2017 ലെ Local Authorities Election Symbols (Reservation and Allotment) Order, 2017).
- ഇതിനകം ചിഹ്നം അനുവദിച്ചിട്ടില്ലാത്ത രാഷ്ട്രീയ പാർട്ടികൾക്ക് ആവശ്യമെങ്കിൽ അപേക്ഷിക്കുന്ന മുറക്ക് സ്വതന്ത്ര ചിഹ്നം അനുവദിക്കും. അപേക്ഷയോടൊപ്പം കേന്ദ്ര കമ്മീഷൻ നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും സ്റ്റേറ്റ് ഭാരവാഹിയെ ചുമതലപ്പെടുത്തിയ അധികാര പത്രവും നൽകണം. സ്വതന്ത്ര ചിഹ്നങ്ങളുടെ പട്ടികയിലുള്ളതും മറ്റ് രാഷ്ട്രീയ പാർട്ടികൾക്ക് നൽകാത്തതുമായ ചിഹ്നമാണ് മുൻഗണനാ അടിസ്ഥാനത്തിൽ അനുവദിക്കുന്നത്.
- പൊതുതിരഞ്ഞെടുപ്പിന് മുമ്പ് പുതിയതായി ലഭിക്കുന്ന അപേക്ഷകൾ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ വിജ്ഞാപനം ഭേദഗതി ചെയ്യും.
- തദ്ദേശ തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ പാർട്ടി സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്ന ഓഫീസ് ഭാരവാഹിയുടെ ഒപ്പ് സാക്ഷ്യപ്പെടുത്തിയ അധികാര പത്രം തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് മുമ്പ് ലഭ്യമാക്കണം.

## 15. വരണാധികാരികൾ

- ജില്ല പഞ്ചായത്തിന്റെ വരാണാധികാരി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ല കളക്ടറാണ്.
- കോർപ്പറേഷനുകളിൽ തിരുവനന്തപുരത്ത് നാലും കൊച്ചി, കോഴിക്കോട് എന്നിവയിൽ മൂന്നും കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നിവയിൽ രണ്ടും വീതം വരാണാധികാരികളുണ്ടാവും.
- 35 വാർഡുകളിൽ കൂടുതലുള്ള മുനിസിപ്പാലിറ്റികളിൽ രണ്ടും അല്ലാത്തവയിൽ ഒന്നും വീതമായിരിക്കും വരാണാധികാരികൾ.
- ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിൽ ഒന്നു വീതം വരാണാധികാരികളെയാണ് ചുമതലപ്പെടുത്തുന്നത്.
- ഓരോ വരാണാധികാരിയെയും സഹായിക്കുന്നതിന് ഒന്നോ അധിലധികമോ ഉപ വരാണാധികാരികൾ ഉണ്ടാവും.


കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
പഞ്ചായത്ത് നഗരസഭ തിരഞ്ഞെടുപ്പ് - 2025
രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം
2025 ജൂലൈ 19 (ശനി) 11AM
മാസ്കറ്റ് ഹോട്ടൽ, തിരുവനന്തപുരം